# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 29.06.2015 ൽ മറുപടിയ്ക്ക്
ചോദ്യം നം. 448

## സഹകരണ സ്ഥാപനങ്ങൾ എഴുതിത്തള്ളിയ ലോൺ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ.ബഷീർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തശേഷം മരിച്ചുപോകുന്ന സഹകാരികളുടെ ലോൺ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ശേഷം മരിച്ചുപോകുന്ന വായ്പക്കാരുടെ വായ്പ ബാധ്യത കേരള സഹകരണ റിസ്ക് ഫണ്ട പദ്ധതി പ്രകാരം എഴുതിത്തള്ളുന്നു. ആയതിന് വായ്പക്കാരൻ വായ്പ എടുക്കുമ്പോൾ റിസ്ക് ഫണ്ട് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രീമിയം അടച്ചിരിക്കണം. മരണത്തീയതിയിൽ വായ്പക്കാരന് 70 വയസ്സ് കവിയാൻ പാടില്ല. മരണത്തീയതിക്ക് തൊട്ടുമുമ്പ് വായ്പ തിരിച്ചടവിൽ മുതലിനത്തിൽ 6 മാസത്തിലധികം കുടിശ്ശിക വരുത്താൻ പാടില്ല. മരിച്ചുപോകുന്ന വായ്പക്കാരന്റെ വായ്പയിൽ ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്നു. കൂടാതെ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരാകുന്നവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർ, പക്ഷാഘാതം മൂലമോ, അപകടം മൂലമോ ശരീരം തളർന്നവർ, എയ്ഡ്സ് രോഗം ബാധിച്ചവർ തുടങ്ങി മാരക രോഗം ബാധിച്ചവർക്ക് വായ്പാ കുടിശ്ശിക ബാധകമാക്കാതെ വായ്പാ മുതലിനത്തിൽ പരമാവധി 75,000/- രൂപയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അനുവദിക്കുന്നതാണ്. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ഇനത്തിൽ എന്തു തുക എഴുതിത്തള്ളിയിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ (31.05.2015 വരെ) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 16,909 അപേക്ഷകളിലായി 113,62,48,952/- രൂപ (നൂറ്റിപതിമൂന്ന് കോടി അറുപത്തിരണ്ട് ലക്ഷത്തി നാൽപ്പത്തെട്ടായിരത്തി തൊള്ളായിരത്തി അൻപത്തി രണ്ട് രൂപ) ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ